ഇത് കൂടാതെ വിവിധ പദ്ധതികളിൽ നിന്നുള്ള ഇൻസെന്റീവുകളും സംസ്ഥാന സർക്കാരിന്റെ പ്രതിമാസ ഓണറേറിയവും നൽകിവരുന്നു.

(ബി) 2014-15-ൽ 900 രൂപയാണ് പ്രതിമാസ ഓണറേറിയമായി നൽകിയിരുന്നത്. ഇത് പൂർണ്ണമായും സംസ്ഥാന വിഹിതമാണ്.

(സി) ആശാ വർക്കർമാർക്ക് ഓണറേറിയത്തിൻപുറമേ വിവിധ പദ്ധതികളിൽ നിന്നുമുള്ള ഇൻസെന്റീവുകളും നൽകിവരുന്നു.

പഴം, പച്ചക്കറികൾ എന്നിവയിലെ കീടനാശിനി പ്രയോഗം

13 (678) ശ്രീ. എളമരം കരീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഴം, പച്ചക്കറികൾ എന്നിവയിൽ വ്യാപകമായി കീടനാശിനികൾ അമിതമായി പ്രയോഗിക്കപ്പെടുകയാണെന്നുള്ള വസ്തുത ഗൗരവമായി കാണുന്നുണ്ടോ ;

(ബി) എങ്കിൽ ഇവ കണ്ടെത്തുന്നതിനും തടയുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ ;

(സി) ഇതു സംബന്ധിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ജനങ്ങളുടെ പങ്കാളിത്തത്തോടെ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വളരെ ഗൗരവമായി കണ്ട് തുടർനടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് ഒരു ഉന്നതതല സമിതി സർക്കാർ ഇതിനകം രൂപീകരിച്ചിട്ടുള്ളതും ടി കമ്മിറ്റിയുടെകൂടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അത്തരത്തിലുള്ള പ്രവർത്തനം പരിശോധിക്കുന്നതുമാണ്.

ബയോസേഫ്റ്റി ലാബ്

14 (679) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബയോസ് പരിശോധനയ്ക്കായി സംസ്ഥാനത്ത് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly